**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1380** **10-10-2024 - ൽ മറുപടിയ്ക്ക്**

**അയ്യങ്കാളി സ്മാരക യു.പി. സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 1905-ൽ അയ്യങ്കാളി സ്ഥാപിച്ചതും സംസ്ഥാനത്തിന്റെ പൈതൃക പട്ടികയിൽ ഉൾപ്പെട്ടതുമായ വെങ്ങാനൂർ അയ്യങ്കാളി സ്മാരക യു.പി.സ്കൂളിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 1905-ൽ ശ്രീ അയ്യങ്കാളി വെങ്ങാനൂരിൽ സ്ഥാപിച്ച ശ്രീ അയ്യങ്കാളി സ്മാരക യു.പി.സ്കൂൾ ഈ അദ്ധ്യയനവർഷം (2024 – 25) 142 കുട്ടികളും 7 അദ്ധ്യാപകരുമായി പ്രവർത്തനം തുടർന്നുവരുന്നു. |
| (ബി) | ഇവിടെ അയ്യങ്കാളി ഉപയോഗിച്ചിരുന്ന കോടതി മുറി നിലവിൽ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇല്ല. ശക്തമായ മഴയിൽ ഈ കെട്ടിട സമുച്ചയത്തിന് സാരമായ നാശനഷ്ടം ഉണ്ടായി. |
| (സി) | പ്രസ്തുത സ്കൂളിന്റെയും അയ്യങ്കാളി ഉപയോഗിച്ചിരുന്ന കോടതി മുറിയുടേയും സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത വിദ്യാലയം ഒരു എയ്ഡഡ് വിദ്യാലയം ആണ്. നിർമ്മാണം, അറ്റകുറ്റപ്പണി, പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ മാനേജരുടെ ചുമതലയിൽ വരുന്ന കാര്യങ്ങൾ ആണ്. |

സെക്ഷൻ ഓഫീസർ